# ‘ദൈവീക നിയന്ത്രണത്തിനു വിധേയപ്പെടുക’

## സദൃശവാക്യങ്ങൾ 3:6

‘‘നിന്റെ എല്ലാവഴികളിലും അവനെ നിനെച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും.’’

വചനത്തിന്റെ ആദ്യഭാഗം ഒരു നിർദ്ദേശവും രണ്ടാംഭാഗം അനുസരണത്തിന്റെ ഫലവും വ്യക്തമാക്കുന്നു. ജീവിതത്തിന്റെ ചില മേഖലകളിലും സാഹചര്യങ്ങളിലും ദൈവഹിതം അറിയാൻ നാം പലപ്പോഴും ഉൽസുഹകരാണ്. എന്നാൽ ചിലപ്പോൾ അതിന് അത്ര ജാഗ്രത കൊടുത്തെന്ന് വരില്ല. തീരുമാനങ്ങൾ നമുക്ക് ഇഷ്ടമുള്ളതുപോലെ ഹൃദയത്തിൽ ആലോചിച്ച് ഉറപ്പിച്ച് വെറും ഒരു അംഗീകാരത്തിനായും ദൈവസന്നിധിയിൽ കടന്നു ചെല്ലുന്നവരുമുണ്ട്.

നാം കണ്ടതായ ദൈവീക വാഗ്ദത്തം അതുകൊണ്ട് സ്വാർത്ഥമായ ഉദ്ദേശങ്ങളും ആഗ്രഹ ങ്ങളും മാത്രം നിറവേറ്റാൻ ദൈവഹിതം അന്വേഷിക്കുന്നവർക്കുള്ളതല്ല. ജീവിതത്തിന്റെ എല്ലാ വഴികളിലും ദൈവത്തെ മുൻനിറുത്തി പ്രവർത്തിക്കുന്നവർക്ക്, അതായത് ദൈവീക നിയന്ത്രണം തങ്ങളുടെ ജീവിത മേഖലകളിൽ എല്ലായിടവും സന്തോഷത്തോടെ സ്വീകരി ക്കുന്നവർക്കു മാത്രം ഉള്ളതാകുന്നു. സങ്കീർത്തനങ്ങൾ 32:9 ാം വാക്യം പറയുന്നു “നിങ്ങൾ ബുദ്ധിയില്ലാത്ത കുതിരയെയും കോവർകഴുതയെയുംപോലെ ആകരുതു; അവയുടെ ചമയങ്ങളായ കടിഞ്ഞാണും മുഖപ്പട്ടയും കൊണ്ടു അവയെ അടക്കിവരുന്നു; അല്ലെങ്കിൽ അവ നിനക്കു സ്വാധീനമാകയില്ല”. ഒരു കുതിര എപ്പോഴും മുന്നോട്ടു കുതി ക്കുവാനാഗ്രഹിക്കുന്നു. എന്നാൽ കോവർകഴുത ദുശ്ശാഠ്യസ്വഭാവമുള്ളതും, മുന്നോട്ടു നീങ്ങുവാൻ വിസമ്മതിക്കുന്നതുമാണ്. ദൈവപൈതലിന്റെ ജീവിത നിയന്ത്രണം ഈ രണ്ടു മൃഗങ്ങളെപ്പോലെയും അല്ല, മറിച്ച് മുന്നോട്ടും പിന്നോട്ടും ഇടത്തോട്ടും വലത്തോട്ടും തിരി യുന്നത് കർത്താവിന്റെ ഹിതം അനുസരിച്ച് മാത്രമായിരിക്കണം. കടിഞ്ഞാണും മുഖപ്പ ട്ടയും നമ്മുടെ കൈയ്യിലല്ല. അതുകൊണ്ട് നമുക്ക് ഇഷ്ടമുള്ള വേഗതയിൽ മുന്നോട്ടു കുതിക്കുവാനോ, ദുശ്ശാഠ്യത്തോടെ ഓട്ടം സാവധാനമാക്കുവാനോ ഉള്ള അധികാരം ഇല്ലെ ന്നതാണ് വാസ്തവം. ഈ രണ്ടു മനോഭാവങ്ങളിൽ നിന്നും സ്വതന്ത്രരായി ദൈവീകനിയ ന്ത്രണത്തിന് വിധേയപ്പെട്ട് ജീവിക്കാൻ ഇടയാകട്ടെ.

ദൈവീക ശബ്ദം ഹൃദയത്തിൽ അലയടിപ്പിക്കും. ആ ശബ്ദത്തിനു ചെവികൊടുക്കാ നുള്ള ജാഗ്രത ഉണ്ടായാൽ ഏത് പരാജയവും നമ്മുടെ മുന്നിൽ മുട്ടു കുത്തും. നിരന്തരം

ദൈവശബ്ദത്തെ അനുസരിച്ച് മുന്നേറുമ്പോൾ ഹൃദയവിശുദ്ധിയിലേക്കും കൂടിയാണ് അവൻ നമ്മെ നയിക്കുന്നത്. എത്ര സുഖകരമായ അനുഭവം.

ഒരിക്കൽ ഒരു അന്ധനായ മനുഷ്യൻ ഒരു ഹെലികോപ്റ്റർ ഓടിക്കുവാൻ ഇടയായി. കണ്ടു നിന്നവർ ഭയങ്കര അതിശയോക്തിയോടെ അതിന്റെ അവസാനം എന്താകുമെന്ന് കാണാനിരുന്നു. എന്നാൽ ഈ അന്ധനായ മനുഷ്യൻ തന്റെ അടുത്തിരുന്ന് നിർദ്ദേശം കൊടുത്തുകൊണ്ടിരുന്ന ഒരു പൈലറ്റ് പറഞ്ഞതിൻപ്രകാരമായിരുന്നു അത് പറപ്പിച്ചത്. കൊടുത്ത നിർദ്ദേശങ്ങൾ അതുപോലെ തന്നെ പാലിച്ചു. വിജയകരമായി അതിനെ താഴെയിറക്കാൻ അവനെ സഹായിച്ചു. ഇതുതന്നെയല്ലേ, ഒരു വിശ്വാസിയുടെയും ജീവിതയാത്ര. നമ്മൾ പോകുന്നതായ സകല വഴികളും നമുക്ക് പരിചിതമായിരക്കണമെന്നില്ല. അഥവാ ആണെങ്കിൽ തന്നെ പതിയിരിക്കുന്ന തടസ്സങ്ങളും ദുർഘടങ്ങളും മനസ്സിലാക്കാൻ സാധിച്ചെന്നും വരില്ല. എന്നാൽ ഈ അന്ധനായ മനുഷ്യനെപ്പോലെ അടുത്തുള്ള ദൈവീകസാന്നിദ്ധ്യം തിരിച്ചറിഞ്ഞ്, ദൈവത്തോട് ചേർന്ന് നമ്മുടെ വിമാനം പറപ്പിച്ചാൽ അതിശയിപ്പിക്കുന്ന വിജയം തീർച്ചയായും ഉണ്ടാകും.

അജ്ഞാതവും, അദൃശ്യവുമായ ഒരു സ്ഥലത്തേക്ക് അന്ധൻ അനുസരണത്തോടെ കുതിച്ചുയർന്നതുപോലെ, ദൈവകല്പനകളെ ഉടനടി അനുസരിക്കാനുള്ള സ്വഭാവം വളർത്തിയെടുക്കുക എന്നതാണ് പ്രധാനം. ദൈവഹിതം അറിയുവാൻ, അതുമാത്രം അറിഞ്ഞ് മുന്നോട്ടു നീങ്ങുവാൻ ഓരോരുത്തർക്കും ഇടയാകട്ടെ. ദൈവശബ്ദത്തെ തിരിച്ചറിഞ്ഞ്, അവിടുത്തെ മാത്രം നിനച്ചുകൊണ്ട്, ജീവിതത്തിലെ സകല പാതകളെയും നേരെയാക്കാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**പരാമർശം:**

**യിരെമ്യാവു 7:23**

എന്റെ വാക്കു കേട്ടനുസരിപ്പിൻ; എന്നാൽ ഞാൻ നിങ്ങൾക്കു ദൈവമായും നിങ്ങൾ എനിക്കു ജനമായും ഇരിക്കും; നിങ്ങൾക്കു നന്നായിരിക്കേണ്ടതിന്നു ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ള വഴികളിലൊക്കെയും നടപ്പിൻ എന്നീ കാര്യമത്രേ ഞാൻ അവരോടു കല്പിച്ചതു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 035**